# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 99 26.02.2018-ൽ മറുപടിയ്ക്ക്

## ലോക കേരള സഭ

| **ചോദ്യം**<br>ശ്രീ.പി.സി.ജോർജ്ജ് | **മറുപടി**<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) തിരുവനന്തപുരത്ത് വച്ച് 2018 ജനുവരി മാസം 12, 13 തീയതികളിൽ നടത്തിയ ലോക കേരള സഭയുടെ നടത്തിപ്പിനായി സംസ്ഥാന സർക്കാർ (നോർക്ക വകുപ്പ്) എത്ര കോടി രൂപ ചെലവഴിച്ചു; ഇതിന്റെ വിശദാംശങ്ങൾ ഇനംതിരിച്ച് വിശദമാക്കുമോ; | (എ) ബില്ലുകളുടെ അന്തിമ സെറ്റിൽമെന്റ് ആയിട്ടില്ലാത്തതിനാൽ ആകെ ചെലവായ തുക ഇതുവരെ കണക്കാക്കിയിട്ടില്ല. |
| (ബി) പ്രസ്തുത സംരംഭം കൊണ്ട് സംസ്ഥാന സർക്കാരിന് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (ബി) പ്രശസ്തരായ പ്രവാസി കേരളീയരുടെയും മറ്റ് വിശിഷ്ട വ്യക്തികളുടെയും വിവിധ മേഖലകളിലെ അറിവുകളും, കഴിവുകളും വൈദഗ്ധ്യവും കേരള സംസ്ഥാനത്തിന്റെ വികസനത്തിനും പ്രശ്ന പരിഹാരത്തിനും ഉപയോഗിക്കാൻ കഴിയും. കൂടാതെ സഭ നല്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ നയരൂപീകരണത്തിൽ മാർഗ്ഗ നിർദ്ദേശിയാകും എന്നതുമാണ് ഇത് മൂലം സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടം. കേരളീയരുടെ പൊതു സംസ്കാരത്തെയും സാമൂഹിക-സാമ്പത്തിക വികസനത്തെയും സംബന്ധിച്ച തീരുമാനങ്ങൾ എടുക്കുന്നതിൽ സംസ്ഥാനത്തിന് അകത്തുള്ളവരുടെ എന്ന പോലെ പുറത്തുള്ള കേരളീയരുടെയും അർത്ഥവത്തായ പങ്കാളിത്തം ഉറപ്പാക്കുന്നതിൽ ലോക കേരള സഭ നിർണ്ണായക പങ്ക് വഹിക്കും. ലോക കേരളത്തിന്റെ നന്മയെ മുൻനിർത്തിയുള്ള ആശയങ്ങളും പ്രായോഗിക പ്രവർത്തന പരിപാടികളും അവതരിപ്പിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും പൊതുസമ്മതമായ തീരുമാനങ്ങളിലേക്ക് എത്തുന്നതിനും ലോക കേരള സഭ അവസരമൊരുക്കും. |

(സി) ലോക കേരള സഭ എന്തെങ്കിലും പുതിയ പദ്ധതികൾ കേരളത്തിൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ലോക കേരള സഭ, കേരളത്തിന്റെ വികസന ഭാവിയ്ക്ക് പുതിയ ഊർജ്ജം പകരുന്ന ഒട്ടേറെ നിർദ്ദേശങ്ങളുടെ രൂപീകരണത്തിലേയ്ക്ക് നയിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു.

- പ്രവാസി വ്യവസായ വാണിജ്യ സംരംഭകരുമായി സജീവ ബന്ധം നിലനിർത്തുന്നതിന് പ്രവാസി വാണിജ്യ ചേംബർ രൂപീകരണം;
- അക്കാദമിക് ഗവേഷണ വികസന രംഗത്തെ സഹകരണത്തിനായി പ്രവാസി പ്രൊഫഷണൽ സമിതി രൂപീകരണം;
- പുതിയ കാല വെല്ലുവിളികൾക്കനുസൃതമായി നോർക്ക സംഘടനാ സംവിധാന നവീകരണം- ലോക കേരള സഭാ സെക്രട്ടേറിയറ്റിന് രൂപം നല്കും;
- കേരള വികസന നിധി രൂപീകരണം;
- പ്രവാസി സംരക്ഷണ പദ്ധതി- രോഗബാധിതരാകുന്നവർക്കും, അപകടത്തിൽപ്പെടുന്നവർക്കും, തൊഴിൽ നഷ്ടമാകുന്നവർക്കും സംരക്ഷണം നല്കാൻ കഴിയുന്ന വിധം വികസന പദ്ധതികളിലെ നിക്ഷേപത്തിനു മാർഗ്ഗ രേഖയും സുരക്ഷാ ചട്ടക്കൂടും രൂപീകരിക്കൽ;
- പ്രവാസി സംരംഭകർക്കായി പ്രത്യേക വായ്പാ സൗകര്യങ്ങളും ഏക ജാലക സംവിധാനവും വികസിപ്പിക്കുക;
- സിയാൽ മാതൃകയിലുള്ള നിക്ഷേപ മേഖലകളുടെ രൂപീകരണം;
- വിവിധ വികസന മേഖലകളിൽ (ചെറുകിട വ്യവസായ രംഗം, കാർഷക-കാർഷികാനുബന്ധ ഉത്പാദന രംഗം, കായികരംഗം, ആരോഗ്യ പരിപാലനരംഗം, നൂതനസാങ്കേതിക വിദ്യാരംഗം, ടൂറിസം തുടങ്ങിയവ) പ്രവാസികളുടെ വൈജ്ഞാനിക നിക്ഷേപക സഹകരണത്തിനു പദ്ധതി തയ്യാറാക്കൽ;
- അന്താരാഷ്ട്ര തലത്തിൽ സാംസ്കാരികോത്സവങ്ങളുടെ സംഘാടനം;

- മലയാളികൾ ഏറെയുള്ള അന്യസംസ്ഥാന തലസ്ഥാനങ്ങളിൽ സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കൽ;
- വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കാനുള്ള സമഗ്ര പദ്ധതികൾ.

| | | | |
|---|---|---|---|
| ഡി) | പ്രസ്തുത സംരംഭം നടത്തുന്നതിലേക്ക് പ്രവാസികളുടെ ആരുടെയെങ്കിലും സാമ്പത്തിക സഹായം സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | ഡി) | പ്രസ്തുത സംരംഭം നടത്തുന്നതിലേയ്ക്ക് പ്രവാസികളുടെ സാമ്പത്തിക സഹായം സ്വീകരിച്ചിട്ടില്ല. |
| (ഇ) | പ്രസ്തുത സഭയുടെ തുടർപ്രവർത്തനരീതി എങ്ങനെയെന്നും എത്രനാൾ കൂടി സഭ ചേരുമെന്നുമുള്ള പൂർണ്ണ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഇ) | ലോക കേരള സഭ കാലാവധിയില്ലാത്ത തുടർച്ചയുള്ള സഭയായിരിക്കും. എന്നാൽ രണ്ട് വർഷം കൂടുമ്പോൾ നാമനിർദ്ദേശം ചെയ്യപ്പെട്ട മൂന്നിലൊന്നു പേർ വിരമിക്കും. അത്രത്തോളം അംഗങ്ങളെ നാമ നിർദ്ദേശം ചെയ്യുന്നതുമാണ്. ആദ്യ വർഷം ലോക കേരളസഭയിലേക്ക് നാമനിർദ്ദേശം ചെയ്യുന്നവരിൽ നിന്നും മൂന്നിലൊന്നു പേർ വിരമിക്കുന്നതായിരിക്കും. പൊതു തിരഞ്ഞെടുപ്പുകൾ വരുന്ന മുറയ്ക്ക് സംസ്ഥാന നിയമസഭയിലെ അംഗങ്ങളും, കേരളത്തിൽ നിന്നുള്ള രാജ്യസഭാ, ലോക സഭാംഗങ്ങളും മാറുന്നതാണ്. ലോക കേരള സഭ ചുരുങ്ങിയത് രണ്ട് വർഷത്തിൽ ഒരു തവണയെങ്കിലും യോഗം ചേരുന്നതാണ്. |

സെക്ഷൻ ഓഫീസർ